**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4129** **03-03-2023 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക സർക്കാരുകളുടെ നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് പ്രാദേശിക വിഭവശേഷിയെ ഫലപ്രദമായി ഉപയോഗിക്കുക ആണെന്നിരിക്കെ നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങൾ പ്രസ്തുത ലക്ഷ്യത്തിനനുസൃതമായി പരിഷ്കരിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ സമഗ്രമായി പരിഷ്കരിച്ചിട്ടുണ്ട്. ഉല്പാദന ശേഷി വർദ്ധനവ്, പ്രാദേശിക സാമ്പത്തിക വികസനം, നൈപുണ്യ വികസനം, കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിന് പ്രാദേശിക കർമ്മ പദ്ധതി രൂപീകരണം, ദുരന്ത നിവാരണം, തുടങ്ങി വിവിധ വിഷയ മേഖലകളിൽ വിപുലവും വിശാലവുമായ ചർച്ചകൾ നടത്തിയതിനു ശേഷമാണ് മാർഗ്ഗരേഖകൾ അന്തിമമാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. അതത് വകുപ്പുകളും വിദഗ്ധരും കൂടാതെ പൊതു ജനങ്ങൾക്കും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്താനുള്ള അവസരം ലഭ്യമാക്കുകയും ചെയ്തിരുന്നു. പ്രാദേശികമായി ലഭ്യമാക്കാൻ കഴിയുന്ന മനുഷ്യ - പ്രകൃതി വിഭവങ്ങളെ എങ്ങനെ ഫലപ്രദമായി പ്രയോജനപ്പെടുത്താം എന്നതു സംബന്ധിച്ച് വിശകലനം നടത്തുന്നതിനും വിവിധ സ്രോതസ്സുകളിൽ നിന്നും കണ്ടെത്തുന്ന വിവിധങ്ങളായ ഗുണഭോക്തൃ വിഹിതം, സന്നദ്ധ സേവനം, സംഭാവന, വായ്പകൾ, മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം, ജനകീയ സംഘടനാ സംവിധാനങ്ങളിലൂടെയുള്ള വിഭവ സമാഹരണം, സി.എസ്.ആർ. ഫണ്ടുകൾ എന്നിവ പദ്ധതി പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്റ്റുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട പദ്ധതി രൂപീകരണ - സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം നൽകിയിട്ടുണ്ട്. |
| (ബി) | പ്രാദേശിക സർക്കാരുകളുടെ നൂതന പദ്ധതികൾക്കായി സർക്കാർ ഏർപ്പെടുത്തിയ | (ബി) | പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സവിശേഷതകളിലൊന്നായാണ് പ്രസക്തവും |

| | | | |
|---|---|---|---|
| | പ്രത്യേക സംവിധാനം വിജയകരമായിരുന്നെന്ന് വിലയിരുത്തിയിട്ടുണ്ടോ; | | നൂതനവുമായ പദ്ധതികൾ രൂപകല്പന ചെയ്യുന്നതിനായി 'നൂതന പരിപാടികൾക്ക് പ്രത്യേക സംവിധാനം' ഏർപ്പെടുത്തിയത്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് പ്രാദേശിക വികസന പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും വിഭവ ശേഷിയെ അടിസ്ഥാനമാക്കി അനുയോജ്യമായ പരിഹാരങ്ങൾ രൂപപ്പെടുത്തുകയുമാണ്. പ്രാദേശികമായി ഉയർന്നുവരുന്ന ചില പ്രോജക്ടുകൾ നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങൾക്ക് അനുസൃതമായി നടപ്പിലാക്കാൻ പറ്റിയെന്നുവരില്ല. അത്തരം പ്രോജക്ടുകളുടെ പരിശോധനയ്ക്കും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതല വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി. വിവിധ തലങ്ങളിലെ പ്രാദേശിക സർക്കാരുകളുടെ നൂതന പ്രോജക്ടുകൾ പരിശോധിച്ച് തീരുമാനമെടുക്കേണ്ടത് ഈ സമിതിയാണ്. ഈ സംവിധാനം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നുണ്ട്. നൂതന പദ്ധതികൾക്കായി കെ-ഡിസ്കിന്റെ കീഴിൽ വൺ ലോക്കൽ ബോഡി വൺ ഐഡിയ എന്ന പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | 2021-22 വർഷങ്ങളിൽ പ്രാദേശിക സർക്കാരുകൾ ആരംഭിച്ചിട്ടുള്ള നൂതന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | 2021-22 ൽ പ്രാദേശിക സർക്കാരുകൾ നൂതന പദ്ധതികളായി ഉൽപ്പാദന മേഖലയിൽ 85 പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിന്റെ ചെലവ് 4.21 കോടി രൂപയാണ്. സേവന മേഖലയിലെ 72 പദ്ധതികൾക്കായി 4.33 കോടി രൂപയാണ് ചെലവായിട്ടുള്ളത്. പശ്ചാത്തല മേഖലയിൽ നൂതനപദ്ധതികളൊന്നും തന്നെ ഇല്ല. ഇത് പ്രകാരം 8.55 കോടി രൂപ ചെലവിൽ ആകെ 157 നൂതന പദ്ധതി പ്രോജക്ടുകൾ ആണ് 2021-22 ൽ പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്തിട്ടുള്ളത്. |
| (ഡി) | നൂതന ആശയങ്ങളും പദ്ധതികളും ആവിഷ്കരിക്കുന്നതിനുള്ള സാധ്യതകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതായി കരുതുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | നൂതന ആശയങ്ങൾ, സാങ്കേതിക വിദ്യകൾ, പുതിയ നിർവ്വഹണ രീതികൾ, പുതിയ പങ്കാളിത്ത മാതൃകകൾ, പുതിയ മൂലധന നിക്ഷേപ രീതികൾ എന്നിവ അവലംബിച്ചുകൊണ്ട് പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അത്തരം പ്രൊജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സാധ്യതകൾ ഉപയോഗപ്പെടുത്തി തദ്ദേശസ്ഥാപനങ്ങൾ ഈ |

| | | | |
|---|---|---|---|
| | | | സ്വഭാവത്തിലുള്ള പ്രൊജക്ടുകൾ ഫലപ്രദമായി ഏറ്റെടുത്ത് വരുന്നുണ്ട്. വൺ ലോക്കൽ ബോഡി വൺ ഐഡിയ എന്ന പരിപാടിയുടെ കീഴിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൂതന പദ്ധതികൾക്കായി അപേക്ഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ